## പതിനാലാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4564 26-10-2016-ൽ മറുപടിയ്ക്ക്

### പാരലൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. യു. ആർ. പ്രദീപ് | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും, നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| എ) | പാരലൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് എന്തെല്ലാം വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് പട്ടികജാതി വകുപ്പിൽ നിന്നും നൽകി വരുന്നത് ; വിശദാംശം വ്യക്തമാക്കുമോ ; | എ) | പാരലൽ കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് റഗുലർ സ്ഥാപനങ്ങളിൽ പഠിയ്ക്കുന്നവരുടെ നിരക്കിൽ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, കൂടാതെ 1250/- രൂപ ട്യൂഷൻ ഫീസ്, യൂണിഫോം, പരീക്ഷാ ഫീസ് എന്നിവയും നൽകിവരുന്നുണ്ട്. |
| ബി) | ആനുകൂല്യങ്ങൾ ലഭിയ്ക്കുന്നതിനുള്ള അപേക്ഷ എവിടെയാണ് നൽകേണ്ടത്, അതോടൊപ്പം നൽകേണ്ട രേഖകൾ എന്തൊക്കെയാണ്; ഇതിനായി 2016-17 വർഷം എത്ര രൂപ വകയിരുത്തിയിട്ടുണ്ട് ; വിശദാംശം വ്യക്തമാക്കുമോ ? | ബി) | കുട്ടി പഠിയ്ക്കുന്ന പാരലൽ കോളേജ് മേധാവി മുഖാന്തിരം ബ്ലോക്ക്/മുൻസിപ്പൽ/കോർപ്പറേഷൻ പട്ടികജാതി വികസന ആഫീസർക്കാണ് അപേക്ഷ നൽകേണ്ടത്. ജാതി/ വരുമാന സർട്ടിഫിക്കറ്റുകൾ, സർക്കാർ/എയ്ഡഡ് സ്ഥാപനങ്ങളിൽ അപേക്ഷിച്ചിട്ടും അഡ്മിഷൻ ലഭിച്ചിട്ടില്ല എന്ന നോഡൽ ഓഫീസറുടെ സാക്ഷിപത്രം, വിദ്യാഭ്യാസ യോഗ്യത സംബന്ധിച്ച സർട്ടിഫിക്കറ്റുകൾ എന്നിവയാണ് അപേക്ഷയോടൊപ്പം നൽകേണ്ട രേഖകൾ. പോസ്റ്റ് മെട്രിക് ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നാണ് പാരലൽ കോളേജ് വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിച്ചു വരുന്നത് |

സെക്ഷൻ ഓഫീസർ